Kudumbashree
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

7298/ഡി/2017/കെ.എസ്.എച്ച്.ഒ. 02/08/2017

പ്രേഷകൻ
പ്രോഗ്രാം ഓഫീസർ (എം.ഇ.)
കുടുംബശ്രീ

സ്വീകർത്താവ്
ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്ക്
തൃശൂർ/പാലക്കാട്/മലപ്പുറം/വയനാട്/കോഴിക്കോട്

സർ,

വിഷയം: കുടുംബശ്രീ മുഖേന ഐഒസിയുടെ 5 കിലോ ഗ്യാസ് സിലണ്ടറുകൾ വിതരണം ചെയ്യുന്നത് – സംബന്ധിച്ച്

സൂചന: ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചീഫ് ഏരിയ ഓഫീസർ, കോഴിക്കോടിന്റെ 04/07/2017 ലെ കത്ത്

കുടുംബശ്രീയുമായി സഹകരിച്ച് ഐ.ഒ.സി.യുടെ 5 കിലോ ഗ്യാസ് സിലണ്ടറുകൾ കമ്മീഷൻ വ്യവസ്ഥയിൽ വിതരണശൃംഖലയിലൂടെ വിതരണം ചെയ്യുന്നതിനായി താല്പര്യം അറിയിച്ചുകൊണ്ട് സൂചന പ്രകാരം കത്ത് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിപണന സാധ്യതകളെ സംബന്ധിച്ച് വിശദമായ ഒരു അവലോകനം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്. സൂചനയുടെ പകർപ്പ് മേൽനടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

പ്രോഗ്രാം ഓഫീസർ (എം.ഇ.)
കുടുംബശ്രീ

7298

इंडेन संभागीय कार्यालय
इंडियन ऑयल कोर्पोरेशन लिमिटेड
कोषिक्कोड संभागीय कार्यालय
दूसरी मंजिल, पि.एम.के. टावेर्स, वयनाड रोड
सिविल स्टेशन पि.ओ., कोषिक्कोड - 673 020

IndianOil
A Maharatna Company

Indane Area Office
**Indian Oil Corporation Limited**
Kozhikode Area Office
IInd Floor, P.M.K. Towers, Wayanad Road, Civil Station P.O.
Kozhikode - 673 020, Phone : 0495 - 2370213, 2370214

विपणन प्रभाग
Marketing Division

ERADICATION MISSION ★ KUDUMBASHREE ★ GOVT. OF KERALA ★ STATE POV...
11 JUL 2017

**Date: 04.07.17**

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,
മെസർസ് കുടുംബശ്രീ,
കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസ്,
രണ്ടാം നില, ട്രിഡ ബിൽഡിങ്, തിരുവനന്തപുരം-695 011
**ഫോൺ: 0471-2554717**

ഡിയർ സർ,

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കോഴിക്കോട് ഇൻഡെയിൻ ഓഫീസിന്റെ ആശംസകൾ!!

ഗാർഹിക, വാണിജ്യ ഉപയോഗത്തിനുള്ള പാചകവാതകമാണ് ഈ ഓഫീസ് കൈകാര്യം ചെയ്യുന്നത്. തൃശൂർ മുതൽ കോഴിക്കോട് വരെയുള്ള കേരളത്തിലെ ഏഴ് ജില്ലകളിലായി ഞങ്ങൾക്ക് 121 വിതരണക്കാരും 19 ലക്ഷം ഉപഭോക്താക്കളുമുണ്ട്.

രണ്ട് വർഷം മുമ്പ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 5 കിലോ FTL (ഫ്രീ ട്രേഡ് എൽപിജി) സിലണ്ടറുകൾ പുറത്തിറക്കി. അന്താരാഷ്ട്ര മാതൃക പിൻ തുടർന്ന് റീട്ടെയിൽ കടകളിലൂടെ ഇന്ത്യയിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം 5 കിലോ

സിലണ്ടറുകൾ പുറത്തിറക്കിയ ആദ്യ പൊതുമേഖലാ സ്ഥാപനമാണ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ.

സൂപ്പർ മാർട്ടുകളും റീട്ടെയിൽ സ്റ്റോറുകളും ഉൾപ്പെടെ വിവിധ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന 5 കിലോ സിലണ്ടറുകൾ ഉപഭോക്താക്കൾക്ക് തിരച്ചറിയൽ രേഖകൾ മാത്രം നൽകി വാങ്ങാൻ കഴിയും. മാളുകളും സൂപ്പർ മാർട്ടുകളും റീട്ടെയിൽ സ്റ്റോറും മുഖേന വിതരണം ചെയ്യുന്ന ഇത് എൽപിജി വിതരണത്തിലെ ഒരു നാഴികകല്ലാണ്. 5 കിലോ സിലണ്ടറുകൾ ആദ്യഘട്ടത്തിൽ ഗാർഹികേതര പാചകവാതകത്തിന്റെ വിലയ്ക്കാണ് വിതരണം ചെയ്യുന്നത്. ഇത് സിലണ്ടറിന് 800 രൂപയും നികുതിയും റെഗുലേറ്ററിന് 150 രൂപയും നികുതിയും എന്ന നിരക്കിലാണ് വിതരണം ചെയ്യുന്നത്. പാചകവാതകത്തിന് വിപണിയിൽ നിലവിലുള്ള ഗാർഹികേതര നിരക്കുകളാണ് ഈടാക്കുന്നത്. ഒഴിഞ്ഞ സിലണ്ടറുകൾ മാറ്റി അതേ കേന്ദ്രത്തിൽ നിന്ന് തന്നെ പുതിയവ വാങ്ങാൻ കഴിയും.

വിദ്യാർത്ഥികളും ജോലിക്കാരും ഉൾപ്പെടെ വീടുകളിൽ നിന്ന് മാറി താമസിക്കേണ്ടി വരുന്നവർക്ക് ഈ പദ്ധതി വളരെ ഉപകാരപ്രദമാണ്. എൽപിജിക്ക് ഉയർന്ന നിരക്ക് നൽകാൻ കഴിവുള്ളവരും എന്നാൽ കൃത്യമായ തിരിച്ചറിയൽ രേഖകളുടെ അഭാവത്തിൽ പുതിയ കണക്ഷനുകൾ എടുക്കാൻ കഴിയാത്തവരേയും ഉദ്ദേശിച്ചാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. അസമയങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തങ്ങളുടെ സൗകരാർത്ഥം സിലണ്ടറുകൾ വാങ്ങാമെന്നതും ഉപഭോക്താക്കളെ ആകർഷിക്കുന്നു.

കേരളത്തിൽ ഈയിടയായി എല്ലാ മേഘലകളിലും ജോലിക്കായി വരുന്ന വളരെയധികം അന്യസംസ്താന തൊഴിലാളികളുണ്ട് അതിലധികവും ഇന്ത്യയുടെ വടക്ക് വടക്ക്-കിഴക്കൻ മേഖലകളിൽ നിന്നാണ്. അവരുടെ വീടുകളിൽ എൽപിജി കണക്ഷനുകൾ ഉള്ളതുകൊണ്ട് അവർ പാചക ഈന്ധനത്തിനായി മറ്റ് മാർഗങ്ങളെ ആശ്രയിക്കുന്നു. പുതിയ

കണക്ഷൻ എടുക്കതെ 5 കിലോ സിലണ്ടറുകൾ ഉപയോഗിക്കാൻ സൗകര്യം ലഭിക്കുന്നു. എൽപിജി ഉപയോഗം കൂടുതലുള്ള വിശേഷാവസരങ്ങളിലും ഈ പദ്ധതി പ്രയോജനപ്രദമാണ്.

ഇന്ത്യൻ ഓയിൽ റീട്ടെയിൽ കേന്ദ്രങ്ങളിലൂടെ വിൽപ്പനയും ഭവനങ്ങളിൽ വിതരണവും നടത്തി ഈ പദ്ധതി വിപുലമാക്കാൻ കമ്പനി ആലോചിക്കുന്നു. ഇതിന് വേണ്ടി കുടുംബശ്രീയുമായി സഹകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കുടുംബശ്രീയുടെ വിതരണ ശൃംഘലയിലൂടെ 5 കിലോ സിലണ്ടറുകൾ വീടുകളിൽ വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മറ്റ് വിതരണക്കാർക്ക് നൽകുന്നതു പോലെ ഓരോ സിലണ്ടറിനും കമ്മീഷൻ വ്യവസ്ഥയിൽ പ്രതിഫലം നൽകും.

ഇക്കാര്യത്തിലുള്ള താങ്ങളുടെ അനുകൂല മറുപടിയ്ക്കായി കാത്തിരിക്കുന്നു. സംശയനിവാരണത്തിന് താഴെ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥയുമായി ബന്ധപ്പെടാവുന്നതാണ്.

രമ്യ കെൻഗുവ,,സീനിയർ മാനേജർ,,കോഴിക്കോട്,,94474 98255

നന്ദി.
വിശ്വസ്ഥതയോടെ,
ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്.

ചീഫ് ഏരിയാ ഓഫീസർ
കോഴിക്കോട്.
9447498218